"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. റെനി. കെ.പി, ഓഫീസ് അറ്റൻഡന്റിന് 10/08/2016 മുതൽ 15/01/2018 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2367/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- 1 സർക്കുലർ നം.36/1994/ധന തീയതി 14.06.1994

2 ശ്രീമതി. റെനി. കെ.പി സമർപ്പിച്ച 05/02/2019 ലെ അവധി അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 16.5.2019 ലെ ഇ10-6568/2017നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. റെനി. കെ.പി യ്ക്ക് വ്യക്തിപരമായ കാരണങ്ങളാൽ 10.08.2016 മുതൽ 07.12.2016 വരെ 120 ദിവസത്തെ ശൂന്യവേതനാവധി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമപ്രകാരം അനുവദിക്കുകയും ടിയാൾ അവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാളുടെ ഭർതൃപിതാവിന്റെ ചികിത്സാർത്ഥവും മകളുടെ വിദ്യാഭ്യാസവും കണക്കിലെടുത്ത് ടിയാളുടെ അവധി 30.06.2018 വരെ ദീർഘിപ്പിച്ചുനൽകണമെന്ന് അപേക്ഷിക്കുകയും ടി സാഹചര്യത്തിൽ ശ്രീമതി. കെ.പി. റെനിയ്ക്ക് 10.08.2016 മുതൽ 30.06.2018 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പരാമർ ശം (1) ലെ സർക്കുലർ പ്രകാരം വ്യക്തിപരമായ ആവശ്യത്തിന് ദീർഘകാലത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. റെനി. കെ.പി യുടെ അവധി കാലാവധി ഒരു വർഷത്തിൽ അധികമായതിനാൽ ടിയാളോട് എത്രയും വേഗം തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയതിനെതുടർന്ന് ശ്രീമതി. കെ.പി. റെനിയ്ക്ക് എറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ലീവ് റദ്ദ് ചെയ്ത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും 16.01.2018 തീയതിയിൽ വലപ്പാട് ഗ്രാമപഞ്ചായത്തിൽ ടിയാൾ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതായും ടിയാൾ അവധിയിലായിരുന്ന 10.08.2016 മുതൽ 15.01.2018 വരെയുള്ള കാലയളവിൽ ടിയാരി ഇൻഡ്യയ്ക്കകത്തോ പുറത്തോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ വിദേശയാത്ര നടത്തുകയോ ചെയ്തിട്ടില്ലെന്ന് അന്വേഷണത്തിലും പാസ്പോർട്ട് പരിശോധിച്ചത് പ്രകാരവും ബോധ്യപ്പെട്ടിട്ടുള്ളതായും 10.08.2016 മുതൽ 15.01.2018 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ശ്രീമതി. റെനി. കെ.പി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർ ശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിലെ മുൻ ഓഫീസ് അറ്റൻഡന്റും നിലവിൽ വലപ്പാട് ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റുമായ ശ്രീമതി. റെനി. കെ.പി യ്ക്ക് 10/08/2016 മുതൽ 15/01/2018 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ. എസ്. ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീമതി. റെനി. കെ.പി, ഓഫീസ് അറ്റൻഡന്റ്, വലപ്പാട് ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, വലപ്പാട് ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.

സെക്രട്ടറി, വലപ്പാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/118/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danny

സെക്ഷൻ ഓഫീസർ